# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4133. 18.10.2011-ൽ മറുപടിയ്ക്ക്.

## പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

**ചോദ്യം**

ശ്രീ. എ. എ. അസീസ്,
ശ്രീ. കോവൂർ കുഞ്ഞുമോൻ.

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | ഇപ്പോൾ എത്ര പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ; | എ | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 89-ഉം പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 107-ഉം പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി | ആകെ എത്ര കുട്ടികളാണ് പ്രസ്തുത ഹോസ്റ്റലുകളിലുള്ളത് ; | ബി | 8436 കുട്ടികൾ (2236 + 6200) |
| സി | പ്രസ്തുത ഹോസ്റ്റലുകൾ വഴി കുട്ടികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | സി | സൗജന്യ താമസ സൗകര്യം, ഭക്ഷണം, രണ്ട് ജോഡി യൂണിഫോം, നോട്ട് ബുക്കുകൾ, നൈറ്റ് ഡ്രസ്സ്, ബാഗ്, ചെരുപ്പ്, എണ്ണ, സോപ്പ് എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം, പോക്കറ്റ് മണി, പ്രത്യേക ട്യൂഷൻ സംവിധാനം, ലൈബ്രറി സൗകര്യം, കൗൺസിലിംഗ് സൗകര്യം, വൈദ്യസഹായം, ബോധവൽക്കരണ ക്ളാസ്സുകൾ, പഠനയാത്ര, ക്വിസ് മത്സരങ്ങൾ, ക്രിസ്തുമസ്- ഓണം വെക്കേഷനുകളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രപ്പടി തുടങ്ങിയ സേവനങ്ങൾ കുട്ടികൾക്ക് നൽകി വരുന്നു. |
| ഡി | പ്രസ്തുത ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി | പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ളതിനാൽ ഹോസ്റ്റലുകളുടെ നവീകരണ പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ എസ്. സി. പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. ഈ വർഷം സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ, ലൈബ്രറി എന്നിവ സ്ഥാപിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ